അന്തർദ്ദേശീയ നിലവാരത്തിലുള്ള കായൽ റിസോർട്ടായി വികസിപ്പിക്കുന്നതിന് ഒബ്റോയ് ഗ്രൂപ്പുമായി ധാരണയിലെത്തിയിട്ടുണ്ട്. സർക്കാർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണവും പൂർത്തിയാക്കി വരുന്നു.

(സി) ആലപ്പുഴ നഗരത്തിൽ കായലോര ടൂറിസം പോഷിപ്പിക്കുന്നതിനും, കായലുകളും കനാലുകളും ഗതാഗതയോഗ്യമായി ജലമാർഗ്ഗം ടൂറിസം വികസിപ്പിക്കുന്നതിനുമായി ഇറിഗേഷൻ വകുപ്പിന് വേണ്ടി നാറ്റ്പാക്ക് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ടൂറിസം വികസനത്തെ സഹായിക്കുന്ന ലൈറ്റിംഗ്, ലാന്റ് സ്കേപ്പിംഗ്, ബോട്ടുജെട്ടികളുടെ നിർമ്മാണം തുടങ്ങിയ ഘടകങ്ങൾ ടൂറിസം വകുപ്പുമായി വിശദമായ ചർച്ചയ്ക്കുശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ പ്രസ്തുത ഘടകങ്ങൾ ആവശ്യമായ സാമ്പത്തിക സഹായം ടൂറിസം വകുപ്പ് നൽകുന്നതാണ്.

ലാ കമ്മീഷൻ രൂപീകരണം

119 (130) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട പല നിയമങ്ങളും സാമൂഹ്യ നന്മയ്ക്ക് തടസ്സമാകുന്നതായും നീതി നടത്തിപ്പിന് കാലതാമസം വരുത്തുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള ഏതൊക്കെ നിയമങ്ങളാണ് ഭേദഗതിക്ക് വിധേയമാക്കേണ്ടതെന്ന് പരിശോധിക്കുവാൻ സംസ്ഥാനത്ത് ലാ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് കാലഹരണപ്പെട്ട ഏതൊക്കെ നിയമങ്ങളാണ് കാലോചിതമായി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന ലാ കമ്മീഷന്റെ പരിധിയിൽ നിയമ ഗവേഷണ വിഭാഗം ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) പരിശോധിച്ചു വരുന്നു.

അഭിഭാഷകൻ ശ്രീ. അശോക് ദേശായിക്ക് ഫീസിനത്തിൽ നൽകിയ തുക

120 (131) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർക്കാരിന് വേണ്ടി ഹൈക്കോടതിയിലെ ഒ.പി.നമ്പർ 16192/99 കേസ് വാദിക്കാനായി നിയമിച്ച അഭിഭാഷകൻ ശ്രീ.അശോക് ദേശായിക്ക് ഫീസിനത്തിൽ ഏതെല്ലാം തീയതികളിൽ എത്ര തുക വീതമാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ അഭിഭാഷകൻ വേറെ ഏതെങ്കിലും കേസിൽ സർക്കാരുമായി ബന്ധപ്പെട്ടതോ സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് കേസുമായി ബന്ധപ്പെട്ടതോ ആയ കേസുകളിൽ സംസ്ഥാന സർക്കാരിനുവേണ്ടി വാദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളിലെന്നും ഇതിലെ കക്ഷികൾ ആരെല്ലാമെന്നും വ്യക്തമാക്കാമോ ; ഈ കേസുകളിൽ സർക്കാരിന് വേണ്ടി ഹാജരായതിന് പ്രസ്തുത അഭിഭാഷകന് നൽകിയ ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസിൽ ഈ അഡ്വക്കേറ്റ് സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒ.പി.നമ്പർ 16192/99 - നും ബന്ധപ്പെട്ട ഒ.പി.25875/98, 26396/98 എന്നീ കേസ്സുകൾക്കുമായി സംസ്ഥാന സർക്കാരിനുവേണ്ടി കേരള ഹൈക്കോടതിയിൽ ഹാജരായതിന് ശ്രീ.അശോക് ദേശായിക്ക് ഫീസിനത്തിൽ പത്ത് ലക്ഷം രൂപ നൽകിയിട്ടുണ്ട്. 1-9-99-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 403/99 നിയമം പ്രകാരമാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് വേണ്ടി കേരള ഹൈക്കോടതിയിൽ ഈ അഭിഭാഷകൻ മേൽപ്പറഞ്ഞ കേസുകളിലല്ലാതെ മറ്റ് കേസുകളിലോ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസുകളിലോ ഹാജരായിട്ടില്ല. സുപ്രീംകോടതിയിൽ,സംസ്ഥാന സർക്കാരിനുവേണ്ടി ഈ അഭിഭാഷകൻ താഴെപ്പറയുന്ന കേസ്സുകളിൽ ഹാജരായിട്ടുണ്ട്

1. WP (C) 664/93
2. SLP (C) 12018/96
3. SLP (C) 1953-54/97
4. SLP (Crl.) 171-175/98
5. CA 2259/98
6. SLP 663-670/98
7. CA 6675/99

(ബി) മറ്റ് വിവരങ്ങൾ ശേഖരിച്ചു വരുന്നു

(സി) സംസ്ഥാനത്ത് നടന്ന ഇലക്ഷൻ കേസുകളിൽ സർക്കാരിനു വേണ്ടി ഈ അഭിഭാഷകൻ സുപ്രീം കോടതിയിൽ ഹാജരായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly